കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീ.വിനോദ്.വി.ടി.യുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.812/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 26.03.2018.

പരാമർശം:- 1) 03.05.2017 ലെ സ.ഉ.(സാധാ) നം.1399/2017/തസ്വഭവ

2 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന

3) 28.11.2013 ലെ സ.ഉ. (പി) നം. 580/2013/ധന

4) 12.03.2018 ലെ ഗ്രാമവികസന കമ്മീഷണറുടെ 4071/എസ്റ്റാ.സി4/2018/ സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീവിനോദ്. വി.ടി. യെ വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശ്രീ. വിനോദ് വി.ടി.യുടെ അന്യത്ര സേവന കാലാവധി 02.05.2018 ന് അവസാനിക്കുകയാണെന്നും ആയത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ശ്രീ വിനോദ് വി.ടി. (സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഗ്രാമവികസന വകുപ്പ്) ന്റെ അന്യത്ര സേവന കാലാവധി KSR ലെ ചട്ടം 140 (C) യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 03.05.2018 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി.എസ്

ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്

ശ്രീ.വിനോദ് വി.ടി., കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്,ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്

(പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ